**മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – മലപ്പുറം ജില്ല – ആതവനാട് ഗ്രാമപഞ്ചായത്ത് ആതവനാട് വില്ലേജ് പെട്രോൾ പമ്പ് നിർമ്മാണം- ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ആതവനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05/12/2019 ലെ എ 2/7060/19 നമ്പർ കത്ത്.

2. മലപ്പുറം ജില്ലടൗൺപ്ലാനറുടെ 25/01/2020 ലെ TCPMPM/2498/2019-A3 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/305/2020-C2** തീയതി:**25/02/2020**

---

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ആതവനാട് വില്ലേജിൽ റീ സർവ്വേ നമ്പർ 18/2 -ൽ ഉൾപ്പെട്ടതും പമ്പിനായി ലീസിനെടുത്തിട്ടുള്ളതുമായ 16.1872 ആർ സ്ഥലത്തു ആകെ 276.28 ച.മീ വിസ്തീർണ്ണമുള്ള (Sales Building – 36.28 ച.മീ+ canopy Area – 240 ച.മീ) പെട്രോൾപമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. മുഹമ്മദ് ഹുസൈൻ, മുച്ചിക്കാടൻ പുത്തൻ വീട്, കോവിലപ്പാറ, മലപ്പുറം ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ- ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. നിർമ്മാണം കെ.പി.ബി.ആർ 2011 നും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. കെ.പി.ബി.ആർ 2011 ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരിതയും ഉടമസ്ഥാവകാശവും പ്രസ്തുത ഭൂമി പുറംമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും കൂടാതെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ കീഴിൽ വരുന്നതാണോ എന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ് . കൂടാതെ നിർമ്മാണം നിലവിലുള്ള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമങ്ങൾക്കും അനുസൃതമാണെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. പെർമിറ്റ് നല്കുന്നതിനുമുമ്പ് ചട്ടം 26 (6) പ്രകാരം ബന്ധപ്പെട്ട എല്ലാ വകുപ്പുകളിൽ നിന്നും national highway Authority ൽ നിന്നും അനുമതി വാങ്ങിയിട്ടുണ്ടെന്നും , ചട്ടം 61(9) പ്രകാരം ജില്ലാ കളക്ടറിൽ നിന്നും അനുമതി വാങ്ങേണ്ടതും ആയതിൽ നിഷ്കർഷിക്കുന്ന നിബന്ധകളെല്ലാം പാലിക്കുന്നുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.
4. Occupancy Certificate നല്കുന്നതിനുമുമ്പ് ചട്ട പ്രകാരമുള്ള സാനിറ്റേഷൻ facilities W/C, Urinals, wash basin, Drinking water Facility എന്നിവ നല്കിയിട്ടുണ്ടെന്നും Free Air Filling സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.
5. ചട്ടം 61(11) പ്രകാരം Fuel Dispensing Unit ന് ചുറ്റും 7.5 മീ തുറസ്സായ സ്ഥലം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6. Sale Office Building, Plot Boundary ൽ നിന്നും ചട്ടം 61 (13) പ്രകാരം 1.0 മീ അകലം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
7. Road Boundary ൽ നിന്നും ചട്ടം 61(12) പ്രകാരം Canopy Projection ലേക്ക് 3.0 മീ

അകലം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8. പരസ്യ ബോർഡ് സ്ഥാപിക്കുന്നമുറക്ക് Sight Distance നെ ബാധിക്കുന്നില്ലന്ന് ഉറപ്പുവരുത്തേണ്ടതാണ്.
9. ചട്ടം61(11) പ്രകാരം Entry & Exit access ന് minimum 7.0 മീ അകലം നൽകേണ്ടതാണ്.
10. Pollution Control Board നിർദ്ദേശിക്കും വിധം കെ.പി.ബി.ആർ ചട്ടം 61 (16) 61 (17) പ്രകാരം വേണ്ടുന്ന Insitu liquid waste management treatment recycling & reusing of waste water സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
11. Occupancy certificate നൽകുന്ന മുറയ്ക്ക് ചട്ടം 61(7) പ്രകാരം fire& life protection സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
12. ചട്ടം 61 (10) പ്രകാരം The location & construction of petrol tank &vent -pipe 1976 പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കേണ്ടതാണ്.
13. പ്ലോട്ടിന്റെ മുൻഭാഗം ഒഴിച്ച് മറ്റു മൂന്നുഭാഗങ്ങൾ 1.80 മീ ഉയരത്തിൽ മതിൽ കെട്ടേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :42/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>**

മുഖ്യ നഗരാസൂത്രകയുടെഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

**ജയശ്രീ.പി.ആർ**
ടൗൺ പ്ലാനർ

സെക്രട്ടറി, ആതവനാട് ഗ്രാമപഞ്ചായത്ത്,കരിപ്പോള്
മലപ്പുറം

പകർപ്പ്:-

1. ശ്രീ.മുഹമ്മദ് ഹുസൈൻ, മുച്ചിക്കാടൻ പുത്തൻ വീട്
ചക്കേരി പെട്രോളിയത്തിനു പുറകുവശം,കോവിലപ്പാറ,
ചേരുർ (പി.ഒ) വെങ്ങാറ മലപ്പുറം
2. ടൗൺ പ്ലാനർ, മലപ്പുറം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Sk19022020